## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**പ്രധാനമന്ത്രിയുടെ കൃഷി സിഞ്ചായി യോജന**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 299 — 13-03-2017 ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കാരാട്ട് റസാഖ്**<br>**ശ്രീ.കെ.കുഞ്ഞിരാമൻ**<br>**ശ്രീ.മുരളി പെരുനെല്ലി**<br>**ശ്രീ.കെ.വി.വിജയദാസ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) | |
| (എ) | പ്രധാനമന്ത്രിയുടെ കൃഷി സിഞ്ചായി യോജനയുടെ നീർത്തട ഘടകത്തിൽ എന്തൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | (എ) | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ ഭാഗമായി നീർത്തട ഘടകത്തിൽ സംസ്ഥാനത്ത് 83 പ്രോജക്ടുകൾ ഇപ്പോൾ നടപ്പിലാക്കി വരുന്നു. ആകെ 4.22 ലക്ഷം ഹെക്ടർ പ്രദേശത്തു നീർത്തട പരിപാലന പ്രവൃത്തികൾ ചെയ്യുന്നതിനായി 581.61 കോടി രൂപയുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്; | (ബി) | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ നീർത്തട ഘടകത്തിൽ താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്:-<br>1. പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് തുടങ്ങിയവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.<br>2. കാർഷിക അനുബന്ധമേഖലകളിലെ ഉത്പാദന വർധനവിനും ആ മേഖലയിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനും വേണ്ടിയുള്ള പ്രവൃത്തികൾ.<br>3. ദരിദ്രജനവിഭാഗങ്ങളുടെ ജീവനോപാധിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.<br>4. പരിശീലനപരിപാടികൾ. |
| (സി) | ഇതിനായി ആകെ വേണ്ടി വരുന്ന തുകയെത്രയെന്നും അതിൽ കേന്ദ്ര | (സി) | 83 പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആകെ 581.6197 കോടി രൂപ ആവശ്യമാണ്. പദ്ധതി |

| | | | |
|---|---|---|---|
| | സഹായമായി ഇതുവരെ എത്ര തുക ലഭ്യമായി എന്നും അറിയിക്കാമോ; | | നടത്തിപ്പിലേക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ73.168 കോടി രൂപ ലഭ്യമായിട്ടുണ്ട്. |
| (ഡി) | ജലസംരക്ഷണത്തിനും കാർഷികോല്പാദന വർദ്ധനവിനും ഉതകുന്ന പ്രാദേശികമായി അനുയോജ്യമായ ഏതൊക്കെ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട് എന്നും ഏതിനൊക്കെ അംഗീകാരം ലഭിച്ചു എന്നും വ്യക്തമാക്കാമോ? | (ഡി) | മേൽ സൂചിപ്പിച്ച 83 പദ്ധതികളിലും ജലസംരക്ഷണത്തിനും കാർഷികോൽപ്പാദന വർധനവിനും ഉതകുന്ന പ്രാദേശികമായി അനുയോജ്യമായ പ്രവർത്തികൾ ഉൾപ്പെടുത്തി വിശദമായ പദ്ധതിരേഖ തയ്യാറാക്കുകയും അനുമതി ലഭ്യമാക്കുകയും ചെതിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ